# CLASS-1




## 9

# ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും

BIJU K K, GHS TUVVUR, MALAPPURAM




# ഭാരതീയ റിസർവ് ബാങ്ക്

BIJU K K, GHS TUVVUR MALAPPURAM




**PLAY**

BIJU K K, GHS TUVVUR, MALAPPURAM

# ഭാരതീയ റിസർവ് ബാങ്ക്

-ഇന്ത്യയുടെ കേന്ദ്ര ബാങ്കാണ് ഭാരതീയ റിസർവ് ബാങ്ക്.

-ഈ സ്ഥാപനം സ്ഥാപിതമായത് 1935-ലാണ്

-മുംബൈ ആണ് ഭാരതീയ റിസർവ് ബാങ്കിന്റെ ആസ്ഥാനം.

BIJU K K, GHS TUVVUR, MALAPPURAM

# റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ.

-നോട്ട് അച്ചടിച്ചിറക്കൽ.

-വായ്പ നിയന്ത്രിക്കൽ.

-സർക്കാരിന്റെ ബാങ്ക്.

-ബാങ്കുകളുടെ ബാങ്ക് എന്നിവയെല്ലാമാണ് റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ.

BIJU K K, GHS TUVVUR, MALAPPURAM

# റിസർവ് ബാങ്ക് നോട്ട് അടിച്ചിറക്കുന്നത് എങ്ങനെ?

PLAY

–ഇന്ത്യയിൽ ഒരു രൂപ ഒഴികെയുള്ള എല്ലാ നോട്ടുകളും അച്ചടിച്ചിറക്കുന്നത് ഭാരതീയ റിസർവ് ബാങ്കാണ്.

PLAY

–ഒരു രൂപ നോട്ടും അനുബന്ധ നാണയങ്ങളും അടിച്ചിറക്കുന്നത് കേന്ദ്ര ധനകാര്യ വകുപ്പാണ്.

–നോട്ട് അടിച്ചിറക്കുന്നതിന് നിശ്ചിത മൂല്യം വരുന്ന സ്വർണമോ വിദേശനാണ്യശേഖരമോ കരുതലായി സൂക്ഷിക്കുന്നു.

BIJU K K, GHS TUVVUR, MALAPPURAM

# റിസർവ് ബാങ്ക് വായ്പ നിയന്ത്രിക്കുന്നത് എങ്ങനെ എന്ന് വ്യക്തമാക്കുക

-വായ്പയുടെ നിയന്ത്രണം റിസർവ് ബാങ്കിന്റെ പ്രധാന ചുമതലയാണ്.

-പലിശ നിരക്കിൽ മാറ്റം വരുത്തിയാണ് ഇത് സാധിക്കുന്നത്.

-പലിശനിരക്ക് കൂടുമ്പോൾ വായ്പയുടെ അളവ് കുറയുന്നു.

-പലിശനിരക്ക് കുറയുമ്പോൾ വായ്പയുടെ അളവ് കൂടുന്നു.

-ഭാരതീയ റിസർവ് ബാങ്ക് നോട്ട് അച്ചടിച്ച് വിതരണം ചെയ്യുക വഴിയോ വായ്പ വഴിയോ ആണ് ഇന്ത്യയുടെ സമ്പത്ത് വ്യവസ്ഥയിൽ പണലഭ്യത വർദ്ധിക്കുന്നത്.

BIJU K K, GHS TUVVUR, MALAPPURAM

# ഭാരതീയ റിസർവ് ബാങ്ക് സർക്കാരിന്റെ ബാങ്കായി പ്രവർത്തിക്കുന്നതെങ്ങനെ?

-കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ ബാങ്കായി പ്രവർത്തിക്കുക എന്നത് റിസർവ് ബാങ്കിന്റെ ധർമ്മമാണ്.

-കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും അവർക്ക് വായ്പ നൽകുകയും മറ്റ് ബാങ്കിംഗ് സേവനങ്ങൾ നൽകുകയും ചെയ്യുന്നത് റിസർവ് ബാങ്ക് ആണ്.

-സർക്കാരുകൾക്കായി ചെയ്യുന്ന സേവനങ്ങൾക്ക് ഭാരതീയ റിസർവ് ബാങ്ക് യാതൊരു പ്രതിഫലവും വാങ്ങുന്നില്ല.

BIJU K K, GHS TUVVUR, MALAPPURAM

# റിസർവ് ബാങ്ക് ബാങ്കുളുടെ ബാങ്കായി പ്രവർത്തിക്കുന്നതെങ്ങനെ?

-എല്ലാ ബാങ്കുകളുടെയും അമരക്കാരനാണ് റിസർവ് ബാങ്ക്.


-ബാങ്കുകളുടെ പ്രവർത്തനങ്ങളെ സഹായിക്കുകയും ബാങ്കുകൾക്ക് ഉപദേശം നൽകുകയും ചെയ്യുക എന്നത് റിസർവ് ബാങ്കിന്റെ ധർമ്മമാണ്.

-റിസർവ് ബാങ്ക് എല്ലാ ബാങ്കുകളുടെയും പണ സംബന്ധമായ കാര്യങ്ങളുടെ അവസാന ആശ്രയമായി പ്രവർത്തിക്കുന്നു.

BIJU K K, GHS TUVVUR, MALAPPURAM

# ധനകാര്യസ്ഥാപനങ്ങൾ

–നിക്ഷേപം, വായ്പ തുടങ്ങിയ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങളാണ് ധനകാര്യസ്ഥാപനങ്ങൾ.


ധനകാര്യസ്ഥാപനങ്ങൾ
ബാങ്കുകൾ
ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ
വാണിജ്യ ബാങ്കുകൾ
സഹകരണ ബാങ്കുകൾ
വികസന ബാങ്കുകൾ
സവിശേഷ ബാങ്കുകൾ
ബാങ്കിതര ധനകാര്യകമ്പനികൾ
മ്യൂച്വൽ ഫണ്ട് സ്ഥാപനങ്ങൾ
ഇൻഷ്വറൻസ് കമ്പനികൾ

# ബാങ്കുകൾ

-പൊതുജനങ്ങളിൽനിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും ആവശ്യക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വായ്പകൾ നൽകുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് ബാങ്കുകൾ.

-ഭാരതീയ റിസർവ് ബാങ്ക് തയ്യാറാക്കിയിട്ടുള്ള പൊതു നിയമാവലിയുടെയും, നിബന്ധനകളുടെയും അടിസ്ഥാനത്തിലാണ് ബാങ്കുകൾ പ്രവർത്തിക്കുന്നത്.

-വ്യക്തികൾ, സ്ഥാപനങ്ങൾ, സർക്കാർ എന്നിവയിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുമ്പോൾ ബാങ്ക് അവർക്ക് പലിശ നൽകുന്നു.

-വ്യക്തികൾ, സ്ഥാപനങ്ങൾ, സർക്കാർ എന്നിവയ്ക്ക് ബാങ്ക് വായ്പ നൽകുമ്പോൾ അവരിൽനിന്നും പലിശ ഈടാക്കുന്നു.

-നിക്ഷേപങ്ങൾക്ക് ബാങ്ക് നൽകുന്ന പലിശയെക്കാൾ കൂടുതലായിരിക്കും വായ്പകൾക്ക് ബാങ്ക് ഈടാക്കുന്ന പലിശ.

-ഈ പലിശകൾ തമ്മിലുള്ള വ്യത്യാസമാണ് ബാങ്കിന്റെ പ്രധാന വരുമാനം.

BIJU K K, GHS TUVVUR, MALAPPURAM

# ബാങ്കുകളുടെ വളർച്ച ഇന്ത്യയിൽ

–1770 ൽ ആരംഭിച്ച ബാങ്ക് ഓാഫ് ഹിന്ദുസ്ഥാൻ ആണ് ഇന്ത്യയിലെ ആധുനിക രീതിയിലുള്ള ആദ്യത്തെ ബാങ്ക്.

–അന്നുമുതൽ ഇന്നുവരെയുള്ള ബാങ്കിംഗ് മേഖലയിലെ വളർച്ചയെ മൂന്ന് ഘട്ടങ്ങളായി തിരിക്കാം.

BIJU K K, GHS TUVVUR, MALAPPURAM

# ഒന്നാംഘട്ടം

-1770 മുതൽ 1969ലെ ബാങ്ക് ദേശസാൽക്കരണം വരെയുള്ള കാലഘട്ടമാണ് ആദ്യഘട്ടം.

-ബാങ്ക് ഓഫ് ബംഗാൾ

-ബാങ്ക് ഓഫ് ബോംബെ

-ബാങ്ക് ഓഫ് മദ്രാസ് എന്നീ പ്രസിഡൻസി ബാങ്കുകൾ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിച്ചത് ഈ ഘട്ടത്തിലാണ്.

-ഈഘട്ടത്തിൽ ബാങ്കുകളുടെ പ്രവർത്തനവും വളർച്ചയും സാവധാനത്തിൽ ആയിരുന്നു.

BIJU K K, GHS TUVVUR, MALAPPURAM

# രണ്ടാം ഘട്ടം

-1969 മുതൽ 1990 വരെ രണ്ടാം ഘട്ടം.
-ബാങ്കുകളുടെ പ്രവർത്തനം വേഗത്തിലായി.
-സാമൂഹിക പുരോഗതി ലക്ഷ്യമാക്കി ബാങ്കുകളെ ദേശസാൽക്കരിച്ചത് രണ്ടാം ഘട്ടത്തിലാണ്.
-1969ൽ 14 ബാങ്കുകളും 1986ൽ 6 ബാങ്കുകളും ദേശസാൽക്കരിച്ചു.
-1993 ദേശസാൽകൃത ബാങ്കായ ന്യൂ ബാങ്ക് ഓഫ് ഇന്ത്യ പഞ്ചാബ് നാഷണൽ ബാങ്കിൽ ലയിച്ചു.

BIJU K K, GHS TUVVUR, MALAPPURAM

# മൂന്നാംഘട്ടം.

-1991 മുതൽ ഉള്ളതാണ് മൂന്നാംഘട്ടം.

-ഈ ഘട്ടത്തിൽ അടിസ്ഥാന ധർമ്മങ്ങൾ നിറവേറ്റുന്നതോടൊപ്പം തന്നെ മറ്റനേകം സേവനങ്ങളും ബാങ്കുകൾ നൽകാൻ തുടങ്ങി

-എടിഎം ക്രെഡിറ്റ് കാർഡ് ഫോൺ ബാങ്ക് നെറ്റ് ബാങ്കിംഗ് കോർബാങ്കിംഗ് മുതലായ നൂതന സംവിധാനങ്ങൾ മൂന്നാം ഘട്ട വികസനത്തിന്റെ ഫലമാണ്.

-ഈ ഘട്ടത്തിൽ ലൈസൻസ് ലഭിച്ച സ്വകാര്യബാങ്കുകൾ പുത്തൻ തലമുറ ബാങ്കുകൾ എന്നറിയപ്പെടുന്നു.

-പൊതുമേഖലാ ബാങ്കുകളെ ലയിപ്പിച്ചു കൊണ്ട് ബാങ്കിംഗ് മേഖലയിൽ ധാരാളം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

-ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ 2017 ഏപ്രിൽ 1ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ്, സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് പാടാല, ഭാരതീയ മഹിളാ ബാങ്ക് എന്നിവ ലയിച്ചു.

# ALL THE BEST

## BY


# BIJU KK,

# GHSS TUVVUR, MALAPPURAM

## 9895695437, 80755142478